(ഡി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം 1989 കർശനമായി നടപ്പാക്കാൻ പോലീസ് അധികൃതർക്ക് സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽ ബഹു. മുഖ്യമന്ത്രിയും, സതേൺ സോണൽ കൗൺസിൽ യോഗത്തിൽ ചീഫ് സെക്രട്ടറിയും നിർദ്ദേശം നൽകിയിട്ടുണ്ട്. നോഡൽ ഓഫീസറുടെ ത്രൈമാസ അവലോകനയോഗത്തിൽ അതിക്രമം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ അവലോകനം നടത്തുകയും അതിക്രമം തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകളിലെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളോത്സവം

284 (4275) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളോൽസവത്തിലെ പങ്കാളിത്തക്കുറവ് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളോൽസവങ്ങളിൽ എത്ര പേർ പങ്കാളികളായെന്ന് വർഷം അടിസ്ഥാനപ്പെടുത്തി ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) സംസ്ഥാന തല കേരളോൽസവങ്ങളിൽ പങ്കെടുത്തവർക്ക് പി.എസ്.സി. നിയമനത്തിന് വെയിറ്റേജ് മാർക്ക് കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സംസ്ഥാനതല കേരളോൽസവങ്ങളിൽ പങ്കെടുത്തവർക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ വെയിറ്റേജ് മാർക്ക് കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളോത്സവത്തിന്റെ പ്രാഥമിക തലങ്ങളിൽ കലാമത്സര വിഭാഗത്തിൽ ആണ് പങ്കാളിത്തകുറവ് വന്നിട്ടുള്ളത്. ദേശീയ യുവോത്സവ ഇനങ്ങളായ വീണ, കഥക്, മണിപ്പൂരി, ഒഡീസി, സിത്താർ, ഹാർമോണിയം, വായ്പ്പാട്ട് തുടങ്ങിയ ഇനങ്ങളിലും ഇതേ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ദേശീയ യുവോത്സവ ഇനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക തലത്തിൽ മത്സരിച്ച് വിജയിക്കുന്നവരോടൊപ്പം മറ്റ് മത്സരാർത്ഥികൾക്ക് ജില്ലാതലത്തിൽ നേരിട്ട് രജിസ്റ്റർ ചെയ്ത് മത്സരിക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്. ഇതുമൂലം പങ്കാളിത്തം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014 വർഷത്തിലെ സംസ്ഥാന കേരളോത്സവം നടന്നിട്ടില്ലാത്തതിനാൽ ആയത് ഒഴിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനതല കേരളോത്സവങ്ങളിൽ പങ്കെടുത്തവർക്ക് പി.എസ്.സി. നിയമനത്തിന് വെയിറ്റേജ് മാർക്ക് കൊടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

(ഡി) നിലവിൽ യൂണിവേഴ്സിറ്റികൾ ഒന്നും തന്നെ കേരളോത്സവ വിജയികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നില്ല.

വ്യവസായ സംരംഭകത്വ വികസനപദ്ധതി

285 (4276) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങളുടെ സംരഭംകത്വ കഴിവ് വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly